2024
JULY
11
THURSDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഫോർട്ട് കൊച്ചി ടൂറിസം കർമപദ്ധതി 2.82 കോടിയുടെ ഭരണാനുമതി



**കൊച്ചി:** പ്രമുഖ വിനോദ സഞ്ചാര കേന്ദ്രമായ ഫോർട്ട് കൊച്ചിയിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള കർമപദ്ധതിയ്ക്ക് 2.82 കോടി രൂപയുടെ ഭരണാനുമതി. ഈയാഴ്ച ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലാണ് 'ഫോർട്ട് കൊച്ചിയിൽ വിനോദ സഞ്ചാരമേഖലയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനുള്ള കർമ പദ്ധതിക്ക് 2,82,08,000 രൂപയുടെ അനുമതി നൽകിയത്.ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളുടെ ഇഷ്ടകേന്ദ്രമെന്ന നിലയിൽ ഫോർട്ട് കൊച്ചിയിലെത്തുന്ന സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി മെച്ചപ്പെടുത്താനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഫോർട്ട് കൊച്ചിയുടെ പ്രൗഢിയും പാരമ്പര്യവും ആസ്വദിക്കാനെത്തുന്ന സഞ്ചാരികൾക്കായി പാകിയ നടപ്പാതകളും രാജ്യാന്തര നിലവാരമുള്ള സൈനേജുകളും അടക്കമുള്ള സൗകര്യങ്ങൾ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കും.കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡാണ് കർമപദ്ധതി തയ്യാറാക്കിയത്. അംഗീകൃത ഏജൻസികൾ മുഖേന 18 മാസത്തിനകം പദ്ധതി പൂർത്തിയാക്കും.ഫോർട്ട് കൊച്ചിയിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ കർമപദ്ധതിയിലൂടെ ലക്ഷ്യമിടുന്നെന്ന് ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. ഫോർട്ട് കൊച്ചിയിൽ ചരിത്ര പ്രധാനമായ പൈതൃക നിർമിതികൾ സംരക്ഷിക്കുന്നതിനൊപ്പം അവിടേക്കെത്തുന്ന സഞ്ചാരികൾക്ക് മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ നല്കാൻ നവീകരണ പ്രവൃത്തികളിലൂടെ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.സൈറ്റ് തയ്യാറാക്കൽ, ലാൻഡ്സ്കേപ്പിംഗ്, നടപ്പാതകൾ സ്ഥാപിക്കൽ, ഇരിപ്പിടങ്ങൾ സ്ഥാപിക്കൽ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ, കെട്ടിടങ്ങളുടേയും തെരുവിലെ കലാശില്പങ്ങളുടേയും നവീകരണം എന്നിവയുൾപ്പെടെ ബീച്ചുമായി ബന്ധപ്പെട്ട എല്ലാ മേഖലകളുടെയും വികസനമാണ് പദ്ധതിയിൽ ഉൾക്കൊള്ളുന്നത്.

## ഇന്ത്യ-ഓസ്ട്രിയ:

# ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തും

### ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരവും നിക്ഷേപവും വർധിച്ചു

**ന്യൂഡൽഹി:** ഇന്ത്യയും ഓസ്ട്രിയയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ തീരുമാനം. പ്രധാനമന്ത്രി നരേന്ദ്ര മോദി വിയന്നയിൽ ഓസ്ട്രിയൻ പ്രസിഡന്റ് അലക്സാണ്ടർ വാൻ ഡെർ ബെലനെ സന്ദർശിച്ച് നടത്തിയ ചർച്ചയിലാണ് തീരുമാനം. ഇരുരാജ്യങ്ങളും നയതന്ത്രബന്ധത്തിന്റെ 75ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ, താൻ നടത്തുന്ന ഓസ്ട്രിയൻ സന്ദർശനം ചരിത്രപരവും സവിശേഷവുമാകുന്നുവെന്നു പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഇരുനേതാക്കളും ഉഭയകക്ഷിആഗോള വിഷയങ്ങൾ ചർച്ച ചെയ്തു. പാരിസ്ഥിതിക സുസ്ഥിരതയെക്കുറിച്ചും ആഗോളതാപനത്തെ ചെറുക്കുന്നതിനെക്കുറിച്ചുമുള്ള നടപടികളും പങ്കുവച്ചു. പുനരുൽപ്പാദക ഊർജം, പ്രത്യേകിച്ച് സൗരോർജം, ജലം, ജൈവ ഇന്ധനം തുടങ്ങിയ മേഖലകളിലെ പരസ്പരപ്രയോജനകരമായ സഹകരണ സാധ്യതകളെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്തു. പ്രസിഡന്റ് വാൻ ഡെർ ബെലന്റെ സൗകര്യത്തിനനുസരിച്ച് ഇന്ത്യ സന്ദർശിക്കാനുള്ള ക്ഷണം പ്രധാനമന്ത്രി ആവർത്തിച്ചു.ഓസ്ട്രിയൻ ചാൻസലർ കാൾ നെഹമെറുമായും പ്രധാനമന്ത്രി നരേന്ദ്രമോഡി കൂടിക്കാഴ്ച നടത്തി. അടിസ്ഥാന സൗകര്യം, ഓട്ടോമൊബൈൽ, ഊർജം, എൻജിനിയറിങ്, സ്റ്റാർട്ടപ്പുകൾ തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖ ഓസ്ട്രിയൻ ഇന്ത്യൻ സിഇഒമാരെ അഭിസംബോധന ചെയ്തു.ഇന്ത്യയും ഓസ്ട്രിയയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിലും സാമ്പത്തിക സഹകരണം പ്രോത്സാഹിപ്പിക്കുന്നതിലും വ്യവസായ പ്രമുഖർ വഹിച്ച പങ്ക് ഇരു നേതാക്കളും ചൂണ്ടിക്കാട്ടി. ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരവും നിക്ഷേപവും വർഷങ്ങളായി വർദ്ധിക്കുകയാണെന്ന് ചൂണ്ടിക്കാട്ടി, കൂടുതൽ സഹകരണത്തിലൂടെ ഇന്ത്യഓസ്ട്രിയ പങ്കാളിത്തത്തിന്റെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്താൻ നേതാക്കൾ നിർദ്ദേശിച്ചു.അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി രാജ്യം മാറുമ്പോൾ, ഇന്ത്യയിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന അവസരങ്ങൾ പരിശോധിക്കാൻ ഓസ്ട്രിയൻ വ്യവസായ പങ്കാളികളോട് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഇന്ത്യ പരിവർത്തനാത്മകമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും രാഷ്ട്രീയ സ്ഥിരത, നയങ്ങളുടെ പ്രവചനാത്മകത, പരിഷ്കരണാധിഷ്ഠിത സാമ്പത്തിക നടപടികൾ എന്നിവയുടെ ശക്തി കണക്കിലെടുത്ത് അതേ പാതയിൽ തുടരുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വ്യവസായ നടത്തിപ്പു സുഗമമാക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾക്ക് അദ്ദേഹം ഊന്നൽ നൽകുകയും അത് ആഗോള പ്രമുഖരെ ഇന്ത്യയിലേക്ക് ആകർഷിച്ചതായി ചൂണ്ടിക്കാട്ടുകയും ചെയ്തു.



## കോട്ടയം മെഡിക്കൽ കോളേജിൽ അതിനൂതന ശസ്ത്രക്രിയ ; ഹൃദയത്തിലെ ദ്വാരം സ്റ്റെന്റ് വഴി അടച്ചു

കോട്ടയം: ഹൃദയത്തിൽ ജന്മനായുള്ള ദ്വാരമായ സൈനസ് വിനോസസ് എ.എസ്.ഡി., കാർഡിയോളജി ഇന്റർവെൻഷണൽ പ്രൊസീജ്യറിലൂടെ അടച്ച് കോട്ടയം മെഡിക്കൽ കോളേജിൽ നടത്തിയ അതിനൂതന ശസ്ത്രക്രിയ വിജയം. ആൻജിയോപ്ലാസ്റ്റി പോലെ താക്കോൽദ്വാര സുഷിരം വഴി സ്റ്റെന്റ് ഘടിപ്പിച്ചാണ് ശസ്ത്രക്രിയ നടത്തിയത്. പാലാ സ്വദേശിനിയായ 42 കാരിയ്ക്കാണ് ഇന്റർവെൻഷണൽ പ്രൊസീജ്യർ നടത്തിയത്. സാധാരണ സങ്കീർണ ഹൃദയ ശസ്ത്രക്രിയ വഴി അടയ്ക്കുന്ന ദ്വാരമാണ് നൂതന ചികിത്സാ രീതിയായ സ്റ്റെന്റ് ഉപയോഗിച്ച് കാത്ത് ലാബിൽ അടച്ചത്. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ കോട്ടയം മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളെയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.ഹൃദയത്തിൽ ജന്മനായുള്ള പ്രശ്നമായതിനാൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിന്റെ നേതൃത്വത്തിലാണ് കഴിഞ്ഞ ശനിയാഴ്ച ശസ്ത്രക്രിയ നടത്തിയത്. താക്കോൽദ്വാര ശസ്ത്രക്രിയയായതിനാൽ രക്തസ്രാവം ഒഴിവാക്കാനായി. അതിനാൽ രക്തം നൽകേണ്ടി വന്നതുമില്ല. ശസ്ത്രക്രിയ പോലെ അധികം വിശ്രമവും ആവശ്യമില്ല. തീവ്രപരിചരണത്തിന് ശേഷം രോഗിയെ ഡിസ്ചാർജ് ചെയ്തു.പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റ് പീഡിയാട്രിക് കാർഡിയോളജിസ്റ്റ് ഡോ. അനിൽ എസ്.ആർ., അസി. പ്രൊഫസർ ഡോ. ഹരിപ്രിയ ജയകുമാർ, അനസ്തീഷ്യോളജിസ്റ്റ് ഡോ. സജി കെ.എം., കാത്ത് ലാബ് ടെക്നീഷ്യൻ അനു, സന്ധ്യ, ജയിൻ, അനസ്തീഷ്യ ടെക്നീഷ്യൻ അരുൺ, സീനിയർ നഴ്സ് സൂസൻ എന്നിവരാണ് ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത്.



# നിയമങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കണം: ഹൈബി ഈഡൻ എം.പി




കോൺട്രാക്ട് കാര്യേജ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ (സിസിഒഎ) പ്രഥമ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി എറണാകുളം ബോൾഗാട്ടി പാലസ് കൺവെൻഷൻ സെന്ററിൽ നടന്ന പൊതു സമ്മേളനം ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. അനൂപ് മഹാദേവൻ,എ ജെ റിയാസ്, എസ് പ്രശാന്തൻ, ബിനു ജോൺ, രാജു ഗരുഡ, പ്രസന്ന പട് വർധൻ, ബാബു പണിക്കർ, മനോജ് പടിക്കൽ തുടങ്ങിയവർ സമീപം

**കൊച്ചി:** നിയമങ്ങൾ നടപ്പിലാക്കുമ്പോൾ അതുമായി ബന്ധപ്പെട്ട മേഖലകളിലുള്ള സംഘടനകളുമായി ചർച്ച ചെയ്ത ശേഷം മാത്രമെ നടപ്പിൽ വരുത്താവുവെന്ന് ഹൈബി ഈഡൻ എം.പി. കോൺട്രാക്ട് കാര്യേജ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ (സിസിഒഎ) പ്രഥമ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി എറണാകുളം ബോൾഗാട്ടി പാലസ് കൺവെൻഷൻ സെന്ററിൽ നടന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അശാസ്ത്രീയമായ നിയമനിർമ്മാണങ്ങളും നിയമങ്ങളും അടിച്ചേൽപ്പിക്കുമ്പോൾ ബന്ധപ്പെട്ട മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി വലുതാണ്.എസി മുറികളിൽ ഇരുന്ന് നിർമ്മിക്കുന്ന നിയമങ്ങളുടെ പ്രായോഗികത എന്താണെന്ന് ബന്ധപ്പെട്ട മേഖലകളിലുള്ളവരുമായി ചർച്ച ചെയ്യുമ്പോഴാണ് വ്യക്തമാക്കപ്പെടുന്നത്. പ്രായോഗികതയാണ് ജനാധിപത്യത്തിൽ നിയമം നിർമ്മിക്കാനും സുഗമമായി നടപ്പിലാക്കാനും സാധിക്കുന്നതെന്നും ഹൈബി ഈഡൻ എംപി പറഞ്ഞു. സിസിഒഎ സംസ്ഥാന പ്രസിഡന്റ് ബിനു ജോൺ അധ്യക്ഷത വഹിച്ചു. ബിഒസി ഐ പ്രസിഡന്റ് പ്രസന്ന പട്വർധൻ മുഖ്യപ്രഭാഷണം നടത്തി. ബിഒസി ഐ ദേശീയ സമിതിയംഗം ബാബു പണിക്കർ ഡോക്യുമെന്ററി പ്രകാശനം നിർവ്വഹിച്ചു. ബിഒസി ഐ ദേശീയ സമിതിയംഗം മനോജ് പടിക്കൽ, സിസിഒഎ സംസ്ഥാന ജനറൽ സെക്രട്ടറി എസ് പ്രശാന്തൻ, സംസ്ഥാന സെക്രട്ടറി രാജു ഗരുഡ,എറണാകുളം ജില്ലാ പ്രസിഡന്റ് എ ജെ റിജാസ് തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് ഫിനാൻസ് സ്ഥാപനങ്ങളുടെ ഇടപെടലും നിയമപോരാട്ടവും എന്ന വിഷയത്തിൽ അഡ്വ.പി എ അനൂപ് സംസാരിച്ചു. ടൂറിസവുമായി ബന്ധപ്പെട്ട വിവിധ വ്യവസായസങ്ങളുടെ പരിചയപ്പെടുത്തലും ഉണ്ടായിരുന്നു. സമ്മേളനത്തിന്റെ ഭാഗമായി നടന്ന സുഹൃത് ട്രേഡ് യൂണിയൻ സമ്മേളനത്തിൽ പ്രൈവറ്റ് ബസ് ഓർഗനൈസേഷൻ സെക്രട്ടറി ടി ഗോപിനാഥൻ, അനിൽ (ടോക്ക്), ബാജി ജോസഫ് തുടങ്ങിയവർ സംസാരിച്ചു. സിസിഒഎ വർക്കിംഗ് ചെയർമാൻ എസ് അജയൻ അധ്യക്ഷത വഹിച്ചു. ഇന്ന് (ജൂലൈ 11) രാവിലെ 10 മുതൽ പ്രതിനിധി സമ്മേളനവും തുടർന്ന് പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടക്കും.

# ആദിശങ്കരാചാര്യർ അറിവിന്റെ അക്ഷയപാത്രം തുറന്നു നൽകിയ അക്ഷരസൂര്യൻ: പ്രൊഫ. കെ. കെ. ഗീതാകുമാരി

**കൊച്ചി:** ദ്വൈതഭാവങ്ങളേതുമില്ലാതെ പ്രപഞ്ചസാരങ്ങൾ തേടിയലഞ്ഞ് ലോകത്തിന് മുന്നിൽ അറിവിന്റെ അക്ഷയപാത്രം തുറന്നു നൽകിയ അക്ഷരസൂര്യനാണ് ആദി ശങ്കരാചാര്യരെന്ന് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി പറഞ്ഞു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ദ്വിദിന ശങ്കരജയന്തി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രൊഫ. കെ. കെ. ഗീതാകുമാരി. ദാർശനികനും തത്വജ്ഞാനിയുമായ ശ്രീശങ്കരാചാര്യർ കൊളുത്തിവച്ച അക്ഷരദീപമാണ് അറിവിന്റെ പാതയിൽ എക്കാലവും നമുക്ക് മാർഗദീപമാകുന്നത്. അജ്ഞാനത്തിന്റെ തമസിലാണ്ടുപോയ ഭാരതത്തിന്റെ സാംസ്കാരിക ഭൂമികയിൽ ഉദിച്ചുയർന്ന ജ്ഞാനസൂര്യനായിരുന്നു ശ്രീശങ്കരാചാര്യർ. മാനവരാശിയുടെ ആധ്യാത്മിക ഉദ്दീപനത്തിന് നിർണായകമായ സംഭാവനകൾ നൽകിയ ശ്രീശങ്കരാചാര്യർ വേദാന്ത തത്വചിന്തയിൽ അദ്വൈതത്തിന്റെ വക്താവായിരുന്നു. 'അറിവിന്റെ ജനാധിപത്യം' എന്ന സങ്കല്പത്തിന്റെ പൂർത്തീകരണത്തിനായാണ് ശ്രീശങ്കരാചാര്യർ മഠങ്ങൾ സ്ഥാപിച്ചതും ഭാഷ്യങ്ങളും സ്വതന്ത്ര കൃതികളും രചിച്ചത്. ശ്രുതി, യുക്തി, അനുഭവം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിമർശനാത്മക ചർച്ചകൾ ഇന്നും ആധുനിക വൈജ്ഞാനിക രംഗത്ത് ഏറെ അനുകരണീയമായ മാതൃകകളാണ്. ശങ്കരജയന്തി ആഘോഷങ്ങളിലൂടെ മുന്നോട്ട് വയ്ക്കുന്ന സന്ദേശവും ഇത് തന്നെയാണ്, പ്രൊഫ. കെ. കെ. ഗീതാകുമാരി പറഞ്ഞു.കാലടി മുഖ്യക്യാമ്പസിലുള്ള യൂട്ടിലിറ്റി സെന്ററിൽ ചേർന്ന സമ്മേളനത്തിൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രൊഫസർ ഇൻ ചാർജ്ജ് ഓഫ് എക്സാമിനേഷൻസ് ഡോ. വി. ലിസി മാത്യു അധ്യക്ഷയായിരുന്നു. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. ബി. അനന്തകൃഷ്ണൻ ശ്രീശങ്കര വാർഷിക പ്രഭാഷണം നിർവ്വഹിച്ചു. രജിസ്ട്രാർ പ്രൊഫ. സുനിത ഗോപാലകൃഷ്ണൻ, പ്രൊഫ. കെ. എ. രവീന്ദ്രൻ, ഡോ. കെ. എസ്. ജിനിത എന്നിവർ പ്രസംഗിച്ചു.സംഗീത വിഭാഗത്തിലെ വിദ്യാർത്ഥികൾ ശങ്കരസ്തുതികൾ ആലപിച്ച് സംഗീത സപര്യയോടെ ആരംഭിച്ച ശങ്കരജയന്തി ആഘോഷങ്ങളോടനുബന്ധിച്ച് വിവിധ എൻഡോവ്മെന്റുകൾ വിതരണം ചെയ്തു. ശാസ്ത്രബോധിനി പരീക്ഷകളിൽ വിജയിച്ചവർക്കുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണം ഡോ. വി. ലിസി മാത്യു നിർവ്വഹിച്ചു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പ്രസിദ്ധീകരിച്ച ജൈമിനീയ സാമവേദസംഹിതയുടെ പരിഷ്കരിച്ച പതിപ്പിന്റെ പ്രകാശനം കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. ബി. അനന്തകൃഷ്ണൻ നിർവ്വഹിച്ചു. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ആദ്യപ്രതി സ്വീകരിച്ചു.ശങ്കരന്റെ തത്വചിന്തയെക്കുറിച്ച് നടന്ന സെഷനിൽ ഡോ. കെ. മഹേശ്വരൻ നായർ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. പ്രൊഫ. കെ. കെ. സുന്ദരേശൻ, പ്രൊഫ. സിന്ധു പട്യാൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. കെ. രമാദേവി അമ്മ മോഡറേറ്ററായിരുന്നു. ഡോ. ടി. മിനി, ഡോ. ടി. എസ്. രതി എന്നിവർ പ്രസംഗിച്ചു. വൈകിട്ട് കൂത്തമ്പലത്തിൽ വിദ്യാർത്ഥികളുടെ മോഹിനിയാട്ടവും സംഗീത കച്ചേരിയും നടന്നു.



ഭാരതീയ തത്ത്വചിന്തയെ അധികരിച്ച് നടന്ന സെഷനിൽ ഡോ. വി. ആർ. മുരളീധരൻ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. പ്രൊഫ. നടരാജു അടരശുപള്ളി, ഡോ. ആർ. ലക്ഷ്മി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. പി. ഉണ്ണികൃഷ്ണൻ മോഡറേറ്ററായിരുന്നു. ഡോ. കെ. സി. രജിത അമ്പിളി, ഡോ. ടി. പി. സരിത എന്നിവർ പ്രസംഗിച്ചു.

# ചിലവന്നൂർ ബണ്ട് റോഡ്: ജൂലൈ 15 മുതൽ ഗതാഗത നിയന്ത്രണം

കൊച്ചി: കെഎംആർഎല്ലിന്റെ നേതൃത്വത്തിൽ ചിലവന്നൂർ ബണ്ട് റോഡ് പാലം പുനർനിർമ്മാണത്തിന്റെ ഭാഗമായി കനാലിന്റെ വീതിയും ആഴവും വർദ്ധിപ്പിക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്. ജൂലൈ 15 മുതൽ പാലം പുനർനിർമ്മാണത്തിന്റെ ഭാഗമായി, പൈലിങ് ജോലികൾ ആരംഭിക്കുന്നതിനാൽ പാലത്തിലൂടെ കടന്നു പോകുന്ന വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തും. കാൽനട യാത്രക്കാരുടെയും വാഹനങ്ങളുടെയും സുരക്ഷയെ കരുതി, 15 മുതൽ അത്യാവശ്യ സർവീസ് ഒഴികെയുള്ള ഗതാഗതത്തിനു പൂർണമായി നിരോധനം ഏർപ്പെടുത്തുന്നതായിരിക്കും.

ചിലവന്നൂർ ഭാഗത്ത് നിന്ന് തൈക്കൂടം ഭാഗത്തേക്ക് വരുന്ന വാഹനങ്ങൾ ചിലവന്നൂർ റോഡ് വഴി സഹോദരൻ അയ്യപ്പൻ റോഡിലേക്കും ജനതാ റോഡിലേക്കും പോകേണ്ടതാണ്. ഭാരവാഹനങ്ങൾ കെ.പി.വള്ളോൻ റോഡ് വഴി ചിലവന്നൂർ ഭാഗത്തേക്ക് പോകണമെന്നാണ് നിർദ്ദേശം. തൈക്കൂടം ഭാഗത്ത് നിന്ന് വരുന്ന വാഹനങ്ങൾ ജനതാ റോഡ് അല്ലെങ്കിൽ ബൈപ്പാസ് വഴി സഹോദരൻ അയ്യപ്പൻ റോഡിലേക്കും ചിലവന്നൂർ ഭാഗത്തേക്കും പോകണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ തീരുന്നത് വരെ ഈ മേഖലയിൽ മേൽപ്പറഞ്ഞ രീതിയിൽ ഗതാഗതം വഴിതിരിച്ച് വിടുന്നതാണ്.

# കൊച്ചി വിമാനത്താവളത്തിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ




**കൊച്ചി:** കൊച്ചി വിമാനത്താവളത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് അതിവേഗ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചു. ആഭ്യന്തരഅന്താരാഷ്ട്ര ടെർമിനലുകളുടെ പാർക്കിംഗ് ഏരിയകളിലാണ് ഇവ പ്രവർത്തിക്കുന്നത്. ഓരോ സ്റ്റേഷനുകളിലും 60 കിലോവാട്ട് ഇ.വി ഡി.സി ഫാസ്റ്റ് ചാർജറുകളുടെ ര് യൂണിറ്റുകൾ സജ്ജീകരിച്ചിരിക്കുന്നു. ഈ സ്റ്റേഷനുകളിൽ ഓരോന്നിലും ഒരേസമയം നാല് ഇലക്ട്രിക് വാഹനങ്ങൾ വേഗത്തിൽ ചാർജ് ചെയ്യാൻ സാധിക്കും. പരിസ്ഥിതി സൗഹൃദ വാഹനങ്ങളെ പിന്തുണയ്ക്കുന്നതിനും യാത്രക്കാർക്കും സന്ദർശകർക്കും മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള സിയാലിന്റെ ശ്രമങ്ങളുടെ ഭാഗമായാണ് ഇത്തരമൊരു സംരംഭത്തിന് തുടക്കം കുറിച്ചിരിക്കുന്നത്.2 ചാർജിങ് സ്റ്റേഷനുകളിലായി 60 കിലോവാട്ട് ഇവി ഡിസി ഫാസ്റ്റ് ചാർജറിന്റെ 4 യൂണിറ്റുകളാണ് ഒരുക്കിയിരിക്കുന്നത്. 2 ടെർമിനലുകളിലുമായി ഒരേ സമയം 8 വാഹനങ്ങൾ ഒരുമിച്ച് ചാർജ് ചെയ്യാം. ചാർജ് മോഡ് എന്ന ചാർജിങ് ആപ്പ് മുഖേനയാണ് വാഹനങ്ങൾ ചാർജ് ചെയ്യേണ്ടതും തുക അടയ്ക്കേണ്ടതും. ഉപഭോക്താക്കൾക്ക് താല്പര്യമുള്ള പ്ലാനുകൾ തെരഞ്ഞെടുക്കാനുള്ള സൗകര്യവും ആപ്പ് വഴി ഒരുക്കിയിട്ടു്. 'സിയാലിലെ ഇവി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ പരിസ്ഥിതിയോടുള്ള ഉത്തരവാദിത്തം വളർത്തുന്നതിനും മികച്ച വിമാനത്താവള അനുഭവം സാധ്യമാക്കുന്നതിനും സഹായകമാകും', സിയാൽ മാനേജിംഗ് ഡയറക്ടർ എസ് സുഹാസ് പറഞ്ഞു. 'പരിസ്ഥിതി സൗഹൃദ യാത്രകളെ പ്രോത്സാഹിപ്പിക്കാനും ഹരിതോർജ വിനിയോഗത്തിലൂടെ സുസ്ഥിരമായ ഭാവിയിലേക്ക് വഴിയൊരുക്കാനും സിയാൽ പ്രതിജ്ഞാബദ്ധമാണ്. ആധുനികവൽക്കരണത്തോടൊപ്പം സുസ്ഥിരമായ വികസനമാണ് സിയാൽ എന്നും ഉറപ്പ് വരുത്തുന്നത്. ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ബി.പി.സി.എല്ലുമായുള്ള സംയുക്ത സംരംഭം സുസ്ഥിരമായ ഭാവിയിലേക്കുള്ള മറ്റൊരു നാഴികക്കല്ലാണ്. അതിന്റെ ഭാഗമായി, സമീപഭാവിയിൽ തന്നെ ഒരു ഹൈഡ്രജൻ ഇന്ധന സ്റ്റേഷൻ ആരംഭിക്കാനും സിയാലിന് പദ്ധതിയുന്നെും അദ്ദേഹം കൂട്ടിച്ചേർത്തു. രാജ്യാന്തരആഭ്യന്തര പാർക്കിംഗ് സ്റ്റേഷനുകളിൽ ഒരേ സമയം 2800 കാറുകൾ പാർക്ക് ചെയ്യാനാകും. 600 കാറുകൾക്ക് കൂടി പാർക്ക് ചെയ്യാനുള്ള സൗകര്യം സജ്ജമായി വരുന്നു. പാർക്കിംഗ് സ്ഥലത്തെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടു്. ഈ കാർപോർട്ടിൽ നിന്ന് മാത്രം സിയാലിന് പ്രതിദിനം 20,000 യൂണിറ്റോളം വൈദ്യുതി ലഭിക്കും. ഫാസ്റ്റ് ടാഗ് ഉൾപ്പെടെയുള്ള സ്മാർട്ട് പാർക്കിംഗ് സംവിധാനം ഇവിടെ നടപ്പിലാക്കിയിട്ടു്. യാത്രക്കാർക്ക് എല്ലാവിധ ആധുനിക സജ്ജീകരണങ്ങൾ നൽകുന്നതിന്റെ ഭാഗമായാണ് ഇവി സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നത്.

## ബംഗ്ലാവ് കടവ് പാലം ജീവ് നാഡിയായി കണ്ട് നിർമ്മിക്കണം: മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** കുട്ടമ്പുഴ വടാട്ടുപാറ റോഡിലെ ബംഗ്ലാവ് കടവ് പാലത്തിന്റെ നിർമ്മാണം പ്രദേശത്തെ ജനങ്ങളുടെ ജീവനാഡിയായി കണ്ട് പാലത്തിന്റെ പണി കാലതാമസമില്ലാതെ ആരംഭിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കാണ് കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി നിർദ്ദേശം നൽകിയത്. കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ 5 വാർഡുകൾ ഉൾപ്പെട്ട വടാട്ടുപാറ പ്രദേശത്തെ ജനങ്ങൾക്ക് കുട്ടമ്പുഴയിലെത്താൻ 30 കിലോമീറ്റർ യാത്ര ചെയ്യണമെന്ന് റിപ്പോർട്ടിൽ പറയുന്നു. ബംഗ്ലാവ് കടവ് ഭാഗത്ത് പുഴയ്ക്ക് കുറുകെ പാലമില്ലാത്തതാണ് കാരണം. പാലം നിർമ്മിച്ചാൽ 5 കിലോമീറ്റർ കൊണ്ട് കുട്ടമ്പുഴയിലെത്താം. ഇടമലയാർ താളുങ്കണ്ടം ട്രൈബൽ കോളനി, പൊങ്ങും ചുവട് ട്രൈബൽ കോളനി എന്നിവിടങ്ങളിൽ നിന്നും കുട്ടമ്പുഴയിലെത്താനും പാലം അനിവാര്യമാണ്.ബംഗ്ലാവ് കടവ് പാലത്തിന്റെ ഭാഗവും വടാട്ടുപാറ ഇടമലയാർ ഭാഗത്തെ അപ്രോച്ച് റോഡിന്റെ ഭാഗവും വനംവകുപ്പിന്റെ അധീനതയിലായതിനാൽ ഇവിടെ സർവേ നടത്താൻ തുണ്ടത്തിൽ ഫോറസ്റ്റ് റയിഞ്ച് ഓഫീസറുടെ അനുമതി ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ കമ്മീഷനെ അറിയിച്ചു.പാലം നിർമ്മിക്കാനുള്ള അനുമതിക്കായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെ ബന്ധപ്പെട്ടെങ്കിലും അനുമതി നൽകിയില്ലെന്ന് പൊതുമരാമത്തിന്റെ റിപ്പോർട്ടിൽ പറയുന്നു.എന്നാൽ പാലം നിർമ്മിക്കാൻ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങൾ വനം പരിസ്ഥിതി വകുപ്പിന്റെ അധികാരപരിധിയിലുള്ളതല്ലെന്ന് പരാതിക്കാരനായ കുട്ടമ്പുഴ പഞ്ചായത്ത് ഗ്രാമവികസന സമിതി പ്രസിഡന്റ് ഷാജി പയ്യാനിക്കൽ സമർപ്പിച്ച പരാതിയിൽ പറയുന്നു.

# ഗ്രാമീണ വിപണിയിൽ ടാറ്റയുടെ പാസഞ്ചർ വാഹന വിൽപ്പന വർധിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ് 2024 സാമ്പത്തിക വർഷത്തിൽ ഗ്രാമീണ മേഖലകളിലെ വിൽപ്പനയിൽ മികച്ച പ്രകടനം നടത്തി. മൊത്തത്തിലുള്ള പാസഞ്ചർ വാഹന വിൽപ്പനയുടെ 40 ശതമാനവും ഇതിൽ നിന്നുള്ള സംഭാവനയാണ്. ടാറ്റ മോട്ടോഴ്സിന്റെ പുതിയ ഫോർ എവർ ശ്രേണിയിലുള്ള കാറുകളുടെയും എസ്.യു.വികളുടെയും ജനപ്രീതി ഗ്രാമീണ ഉപഭോക്താക്കൾക്കിടയിൽ വർധിച്ചു. ഇതിൽ 70 ശതമാനം പേരും ആദ്യമായി കാർ വാങ്ങുന്നവരാണ്. വർധിച്ചുവരുന്ന അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ ആക്സസിബിലിറ്റി, വാങ്ങാനുള്ള ശേഷി എന്നിവയ്ക്കൊപ്പം ഗ്രാമീണ, നഗര മേഖലകളിലുള്ള ഉപഭോക്താക്കളുടെ വാഹനങ്ങളുമായി ബന്ധപ്പെട്ട അഭിലാഷങ്ങളും കുറയുകയാണ്. ഗ്രാമീണ വിപണിയിൽ ടാറ്റ എസ്യുവി വിൽപ്പന 35% ൽ നിന്ന് 70% ആയി വളർന്നു.ഇതര ഇന്ധന വാഹനങ്ങളുടെ (സി.എൻ.ജി + ഇ.വികൾ) വിൽപ്പന 2022 സാമ്പത്തിക വർഷം അഞ്ചുശതമാനം ആയിരുന്നത് 2024 സാമ്പത്തികവർഷം 23 ശതമാനമായി വർധിച്ചു.നൂതനമായ ഇരട്ട സിലിർ സി.എൻ.ജി സാങ്കേതികവിദ്യയുടെ വളർച്ച, ഗ്രാമീണ വിപണികളിൽ 16 ശതമാനം സി.എൻ.ജി വ്യാപനംഗ്രാമീണ ഉപഭോക്താക്കൾ എം.ടിയിൽ നിന്ന് എ.എം.ടി/എ.ടിയിലേക്ക് മാറണമെന്ന് ആവശ്യപ്പെടുന്നു. കഴിഞ്ഞ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഓട്ടോമാറ്റിക് ട്രാൻസ്മിഷനിൽ 14 ശതമാനം ഉയർന്ന വളർച്ചയാണ് കാണപ്പെടുന്നത്.



# റോട്ടറി ക്ലബ്ബ് ഭാരവാഹികൾ ചുമതലയേറ്റു



**കൊച്ചി:** റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ക്നൈറ്റ്സ് ഭാരവാഹികൾ ചുമതലയേറ്റു.ജിബ്രാൻ ആസിഫ് പ്രസിഡന്റ്. റിങ്കു അലക്സാർ സെക്രട്ടറി എന്നിവരാണ് ചുമതലയേറ്റത്.അസിസ്റ്റന്റ് ഗവർണർ സായി പരമേശ്വരൻ അവിനാശ് കെ.ആർ എന്നിവർ സംസാരിച്ചു.

# 15 ശതമാനം വർധനവ് ലക്ഷ്യമിട്ട് പിരമൽ എൻറർപ്രൈസസ്

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിൻറെ അവസാനത്തോടെ കൈകാര്യം ചെയ്യുന്ന ആസ്തികൾ 15 ശതമാനം വർധിപ്പിച്ച് 80,000 കോടി രൂപയിലെത്തിക്കാൻ പിരമൽ എൻറർപ്രൈസസ് ലക്ഷ്യമിടുന്നു. 2028 സാമ്പത്തിക വർഷത്തോടെ കൈകാര്യം ചെയ്യുന്ന ആസ്തികൾ 1.5 ലക്ഷം കോടി രൂപയിലെത്തിക്കാനും കമ്പനി ലക്ഷ്യമിടുന്നതായി വാർഷിക പൊതുയോഗത്തിൽ വ്യക്തമാക്കി.കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തികളിൽ 70 ശതമാനവും ചെറുകിട വായ്പാ രംഗത്താണ്. കമ്പനിയുടെ സമ്പൂർണ സബ്സിഡിയറിയായ പിരമൽ ഫിനാൻസ് താങ്ങാനാവുന്ന വായ്പകളുടെ രംഗത്ത് മുൻനിരക്കാരാണ്. രാജ്യത്തെ 625 ജില്ലകളിലായി 13,000ത്തിൽ അധികം പിൻകോഡ് മേഖലകളിൽ സേവനവും ലഭ്യമാക്കുന്നു്.സാങ്കേതികവിദ്യയും വിശകലന രീതിയും പ്രയോജനപ്പെടുത്തി ഡാറ്റയുടെ അടിസ്ഥാനത്തിൽ വളർച്ച കൈവരിക്കുന്നതിലാണ് പിരമൽ ഫിനാൻസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് പിരമൽ എൻറർപ്രൈസസ് ചെയർമാൻ അജയ് പിരമൽ പറഞ്ഞു.

# മോട്ടോ ജി85 5ജി പുറത്തിറക്കി




**കൊച്ചി:** മോട്ടോ ജി85 5ജി പുറത്തിറക്കി മോട്ടോറോള. 3ഡി കർവ്ഡ്, എൻഡ്ലസ് എഡ്ജ് ഡിസ്പ്ലേയുള്ള ആദ്യത്തെ മോട്ടോ ജി സീരീസ് ഫോണാണ്. 120ഹേർട്സ് പിഒഎൽഇഡി ഡിസ്പ്ലേ, ഗോറില്ല ഗ്ലാസ് 5, സോണി സെൻസറോട് കൂടിയ ഷെയ്ക്ക് ഫ്രീ 50എംപി ക്യാമറ, ഡോൾബി ഡ്യുവൽ സ്പീക്കറുകൾ എന്നിവയു്. കനവും(7.59എംഎം) ഭാരവും(172ഗ്രാം) കുറഞ്ഞതും പ്രീമിയം രൂപകൽപ്പനയും സെഗ്മെന്റിലെ ഏറ്റവും മികച്ച 12ജിബി റാം + 256ജിബി സ്റ്റോറേജുമു്.ഒലിവ് ഗ്രീൻ, കൊബാൾട്ട് ബ്ലൂ (വീഗൻ ലെതർ), അർബൻ ഗ്രേ (അക്രിലിക് ഗ്ലാസ്) എന്നീ മൂന്ന് നിറങ്ങളിൽ ലഭ്യമായ മോട്ടോ ജി85 8+128ജിബി വേരിയന്റിനു 17,999 രൂപയും 12+256ജിബിക്ക് 19,999 രൂപയുമാണ് ലോഞ്ച് വില. ഫ്ലിപ്കാർട്ട്, മോട്ടോറോള.ഇൻ എന്നിവയിലും റീട്ടെയിൽ സ്റ്റോറുകളിലും ജൂലൈ 16ന് ഉച്ചക്ക് 12 മണി മുതൽ വിൽപ്പനയ്ക്കെത്തും. ബാങ്ക്, എക്സ്ചേഞ്ച്, നോ കോസ്റ്റ് ഇഎംഐ ഓഫറുകളും ലഭ്യമാണ്.

# 'സ്വാഗതം മലയാളമണ്ണിലേക്ക്' ക്യാമ്പയിനുമായി സൗത്ത് ഇന്ത്യൻ ബാങ്ക്



**കൊച്ചി:** വേനൽ അവധികാലത്തു സ്വദേശത്തെത്തുന്ന പ്രവാസി മലയാളികളെ വരവേൽക്കാൻ 'സ്വാഗതം മലയാളമണ്ണിലേക്ക്' ക്യാമ്പയിനുമായി സൗത്ത് ഇന്ത്യൻ ബാങ്ക്. ആഘോഷങ്ങളുടെയും, ഒത്തുചേരലിന്റെയും അവിസ്മരണീയ മുഹൂർത്തങ്ങൾ ഓർമകളായി സൂക്ഷിക്കാനാകുന്ന കേരള ഡയറി, വിവിധ ഇടങ്ങളിൽ ഉപയോഗിക്കാവുന്ന ഗിഫ്റ്റ് വൗച്ചറുകൾ, മൗസ് പാഡ് എന്നിവയടങ്ങിയ കിറ്റാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വരുന്ന പ്രവാസികൾക്കായി ഒരുക്കിയിരിക്കുന്നത്. കൊച്ചി വിമാനത്താവളവുമായി സഹകരിച്ചാണ് സൗത്ത് ഇന്ത്യൻ ബാങ്ക് ഇത്തരമൊരു പദ്ധതിക്ക് തുടക്കമിടുന്നത്. ഒരു മാസത്തോളം നീുനിൽക്കുന്ന ക്യാമ്പയിനിലൂടെ, പ്രവാസ ജീവിതം നയിക്കുന്ന മലയാളിയുടെ മൂല്യമേറിയ നല്ലോർമകൾക്ക് അർത്ഥവും വ്യാപ്തിയും നൽകാനാണ് സൗത്ത് ഇന്ത്യൻ ബാങ്ക് ശ്രമിക്കുന്നത്.നാടിന്റെ നട്ടെല്ലായ പ്രവാസികളുടെ ജീവിതത്തെ ആദരിക്കുകയാണ് 'സ്വാഗതം മലയാളമണ്ണിലേക്ക്' ക്യാമ്പയിനിലൂടെ സൗത്ത് ഇന്ത്യൻ ബാങ്ക് ചെയ്യുന്നതെന്ന് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്യവേ സൗത്ത് ഇന്ത്യൻ ബാങ്ക് റീട്ടെയിൽ ബാങ്കിങ് ഡിപ്പാർട്മെന്റ് ചീഫ് ജനറൽ മാനേജർ സഞ്ജയ് കുമാർ സിൻഹ പറഞ്ഞു. 'എത്ര ദൂരെയാണെങ്കിലും തീവ്രമായ ഗൃഹാതുരത്വം നമ്മുടെയെല്ലാം ഓർമകളിൽ തളംകെട്ടി കിടക്കാറു്. മികച്ച ജീവിതസാഹചര്യം തേടി പുറപ്പെടുന്ന ഓരോരുത്തരുടെയും ഇത്തരം നല്ല ഓർമകളെ, ഒരു ധനകാര്യ സ്ഥാപനമെന്നതിലുപരി സാമൂഹിക പ്രതിബദ്ധതയുള്ള ഒരു പ്രസ്ഥാനമെന്ന നിലയ്ക്ക്, ഉയർത്തിപ്പിടിക്കാനാണ് സൗത്ത് ഇന്ത്യൻ ബാങ്ക് ലക്ഷ്യമിടുന്നത്. പ്രവാസികളുടെ എല്ലാവിധ ബാങ്കിങ് ആവശ്യങ്ങൾക്കും സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മുഴുവൻ സമയ സേവനം ലഭ്യമായിരിക്കും.' അദ്ദേഹം കൂട്ടിച്ചേർത്തു. സിയാലിൽ നടന്ന ചടങ്ങിൽ ബാങ്കിന്റെ സീനിയർ ജനറൽ മാനേജരും ചീഫ് ഇൻഫർമേഷൻ ഓഫീസറുമായ സോണി എ, ജോയിന്റ് ജനറൽ മാനേജരും എറണാകുളം റീജണൽ ഹെഡുമായ മധു എം, ഇരിഞ്ഞാലക്കുട റീജണൽ ഹെഡ് റാണി സക്കറിയാസ്, കാസ ഹെഡ് സുമോദ് ഭാസ്കരൻ, മാർക്കറ്റിങ് ഹെഡ് രമേഷ് കെ പി എന്നിവർ പങ്കെടുത്തു.

# 'ഡിജിറ്റൽ പേയ്മെൻറുകളോടു പ്രിയം കൂടുന്നതായി ആമസോൺ പഠനം

കൊച്ചി: മാറിക്കൊിരിക്കുന്ന പേയ്മെൻറ് രംഗത്തിൽ ഡിജിറ്റൽ പേയ്മെൻറുകളോടു ഇഷ്ടം കൂടുന്നതായി കെയാർണി ഇന്ത്യയും ആമസോൺ പേ ഇന്ത്യയും നടത്തിയ പഠനം. പഠനപ്രകാരം, പ്രതികരണ ദാതാക്കളിൽ ഓൺലൈൻ പർച്ചേസുകൾക്ക് 90% പേരും ഓഫ്ലൈൻ പർച്ചേസുകൾക്കും 50% പേർ ഡിജിറ്റൽ പേയ്മെൻറുകൾ ഇഷ്ടപ്പെടുന്നു. കൂടുതൽ വ്യാപാരികളും ഡിജിറ്റൽ ആയിക്കഴിഞ്ഞതിനാൽ ക്യാഷ് ഇടപാടുകൾ കുറഞ്ഞുവരുകയും യുപിഐ, ഡിജിറ്റൽ വാലറ്റുകൾ, കാർഡുകൾ എന്നിവ വ്യാപകമാകുകയും ചെയ്തു. മർച്ചൻറ് ട്രാൻസാക്ഷനുകളിൽ 69% ഡിജിറ്റൽ മോഡുകളാണ്. വഴിയോര കച്ചവടക്കാർ അടക്കം പേയ്മെൻറിൻറെ 46% വരെ ഡിജിറ്റലായി സ്വീകരിക്കുന്നതായി വെളിപ്പെടുത്തി.മില്യനിയെൽസും ജെൻ എക്സുമാണ് കൂടുതലായി ഡിജിറ്റൽ പേയ്മെൻറ് രീതികൾ ഉപയോഗിക്കുന്നത്. ചെറുപ്പക്കാരെ അപേക്ഷിച്ച് മുതിർന്നവർ കൂടുതലായി കാർഡുകളും വാലറ്റുമാണ് ഉപയോഗിക്കുന്നത്. ചെറുപട്ടണങ്ങളിലെ ഉപഭോക്താക്കളുടെ പേയ്മെൻറ് ട്രാൻസാക്ഷനുകളുടെ 65% ഉം വൻ നഗരങ്ങളിൽ 75%നു അടുത്തും ഡിജിറ്റലാണ്. വേഗത, കാര്യക്ഷമത, റിവാർഡുകൾ എന്നിവയും എല്ലാ മേഖലകളിലെയും വ്യാപാരികളിൽ ഡിജിറ്റൽ പേയ്മെൻറുകൾ എത്തിയിരിക്കുന്നതിനാലും കൂടുതൽ സൗകര്യമാണ് ഡിജിറ്റൽ പേയ്മെൻറുകളെന്ന് 120 നഗരങ്ങളിലെ ഉപഭോക്താക്കളിലും വ്യാപാരികളിലുമായി നടത്തപ്പെട്ട ഈ സമഗ്ര പഠനം വ്യക്തമാക്കുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# രാജ്യാന്തര ജെൻ എ ഐ കോൺക്ലേവിന് ഇന്ന് തുടക്കം

**കൊച്ചി:** ആർട്ടിഫിഷ്യൽ ഇന്റലിജൻസി(എ ഐ)ന്റെ പരിവർത്തന സാധ്യതകളും സമൂഹത്തിലും സമ്പദ് വ്യവസ്ഥയിലും അതിന്റെ സ്വാധീനവും ചർച്ചചെയ്യുന്ന ദ്വിദിന ജെനറേറ്റീവ് എ ഐ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഐബിഎമ്മുമായി ചേർന്നാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.കൊച്ചിയിലെ ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ഇന്ന് രാവിലെ 10.15 ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ വ്യവസായകയർനിയമ വകുപ്പ് മന്ത്രി പി രാജീവ് അധ്യക്ഷത വഹിക്കും. ചീഫ് സെക്രട്ടറി ഡോ. വി വേണു, നോർക്ക റൂട്ട്സ് വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് എംഡിയും ചെയർമാനുമായ എം എ യൂസഫലി തുടങ്ങിയവർ പങ്കെടുക്കും.കേരളത്തിലും രാജ്യത്തും നിർമ്മിത ബുദ്ധി വ്യവസായങ്ങളിൽ ഉാകാൻ പോകുന്ന മുന്നേറ്റത്തിലെ സുപ്രധാന നാഴികക്കല്ലായി സമ്മേളനം മാറും. നിർമ്മിതബുദ്ധി വിവിധ മേഖലകളിൽ ഉപയോഗിക്കുന്നതിൽ കേരളം മികവ് തെളിയിക്കുന്ന ഘട്ടത്തിലാണ് രാജ്യത്തെ ആദ്യത്തെ ജെൻ എ ഐ കോൺക്ലേവ് കൊച്ചിയിൽ നടക്കുന്നത്. കേരളത്തെ എ.ഐ ഡെസ്റ്റിനേഷനായി മാറ്റാനും ഇൻഡസ്ട്രി 4.0 നുള്ള സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കാനും സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കാനും സമ്മേളനം ലക്ഷ്യമിടുന്നു.ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനത്തിൽ പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, സംവേദനാത്മക സെഷനുകൾ എന്നിവയാണ് പ്രധാന അജ. എ.ഐ സാങ്കേതികവിദ്യയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സാധിക്കുന്ന സംവിധാനങ്ങളും ഒരുക്കും. മന്ത്രിമാർ, ഐബിഎം അംഗങ്ങൾ, വ്യവസായടെക്നോളജി പ്രമുഖർ തുടങ്ങിയവർ എ.ഐയുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിടും. ഡെവലപ്പർമാർ, വ്യവസായ പ്രമുഖർ, സർവകലാശാലകൾ, വിദ്യാർത്ഥികൾ, മാധ്യമങ്ങൾ, അനലിസ്റ്റുകൾ, സർക്കാർ ഉദ്യോഗസ്ഥർ, ഐബിഎമ്മിന്റെ പങ്കാളികൾ തുടങ്ങിയവർ കോൺക്ലേവിന്റെ ഭാഗമാകും. ഡെമോകൾ, ആക്ടിവേഷനുകൾ, വ്യവസായ വിദഗ്ധരുമായുള്ള കൂടിക്കാഴ്ച എന്നിവയും കോൺക്ലേവിൽ ഉായിരിക്കും.രു ദിവസങ്ങളിലായി 17 സെഷനുകളാണ് സമ്മേളനത്തിലുള്ളത്. ഇതിൽ പത്തെണ്ണം രാം ദിവസം നടക്കും.

# ഉജ്ജീവൻ ബാങ്കിന് നേട്ടം

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ബിസിനസ് മെച്ചപ്പെടുത്തി. ഈ ഗണത്തിലുള്ള വായ്പകൾ മുൻ വർഷത്തെ അപേക്ഷിച്ച് 440 പോയിന്റ് വർധിച്ച് 31.5 ശതമാനത്തിലെത്തി. ബാങ്കിന്റെ വൈവിധ്യവൽക്കര പദ്ധതികളുടെ ഫലമായാണീ നേട്ടം. മുൻവർഷം ആകെ വായ്പകളിൽ 27 ശതമാനമായിരുന്നു ഈടിന്മേലുള്ള വായ്പകൾ. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഈ വായ്പകൾ 40 ശതമാനമാക്കി ഉയർത്താനാണ് ബാങ്കിന്റെ പദ്ധതി. മൊത്തം വായ്പാ പോർട്ട്ഫോളിയോ 19 ശതമാനം വർധിച്ച് 30,091 കോടി രൂപയിലെത്തി. ജൂണിലെ കണക്കുകൾ പ്രകാരം നിഷ്ക്രിയ ആസ്തി അനുപാതം 2.3 ശതമാനമാണ്. കഴിഞ്ഞ ത്രൈമാസത്തിൽ ഇത് 2.1 ശതമാനവും കഴിഞ്ഞ വർഷമിത് 2.4 ശതമാനവുമായിരുന്നു.

# യു. പി. എസ്. സി പരീക്ഷ അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ

**കൊച്ചി:** ജൂലൈ 14 ന് യു.പി.എസ്.സി പരീക്ഷ നടക്കുന്നതിനാൽ കൊച്ചി മെട്രോ സർവ്വീസ് സമയം ദീർഘിപ്പിക്കുന്നു. പരീക്ഷയെഴുതുന്നവർക്ക് കൃത്യ സമയത്ത് തന്നെ പരീക്ഷാ സെന്ററിൽ എത്തുന്നതിനായി ഞായറാഴ്ച്ച രാവിലെ 7 മണി മുതൽ കൊച്ചി മെട്രോ സർവ്വീസ് ആലുവ, തൃപ്പൂണിത്തുറ ടെർമിനൽ സ്റ്റേഷനുകളിൽ നിന്ന് ആരംഭിക്കുന്നതാണ്. നിലവിൽ രാവിലെ 7.30നാണ് കൊച്ചി മെട്രോ ഞായറാഴ്ച്ചകളിൽ സർവ്വീസ് ആരംഭിച്ചിരുന്നത്.

# പുതിയ റെഡ്എക്സ് പ്ലാനുമായി വി

**കൊച്ചി:** മുൻനിര ടെലികോം സേവന ദാതാവായ വി പ്രീമിയം പോസ്റ്റ് പെയ്ഡ് അനുഭവങ്ങൾ പ്രദാനം ചെയ്തു കൊ് പുത്തൻ പുതിയ റെഡ്എക്സ് പ്ലാൻ അവതരിപ്പിച്ചു. നെറ്റ്ഫ്ളിക്സ് അടക്കമുള്ള ആനുകൂല്യങ്ങളുമായി വിനോദം, ഡൈനിങ്, യാത്ര, സുരക്ഷ, മുൻഗണനാ ഉപഭോക്തൃ സേവനങ്ങൾ തുടങ്ങിയവയെല്ലാം ഒരൊറ്റ പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതി വെറും 1201 രൂപയ്ക്കാണു ലഭ്യമാക്കുന്നത്.നെറ്റ്ഫ്ളിക്സ്, ആമസോൺ പ്രൈം, ഡിസ്നി ഹോട്ട്സ്റ്റാർ, സോണി ലിവ്, സൺ നെക്സ്റ്റ് എന്നീ ഒടിടികൾ മൊബൈലിലും ടിവിയിലും ലഭിക്കും. സോണിലിവിലൂടെ ഇപ്പോൾ നടന്നു കൊിരിക്കുന്ന യൂറോ കപ്പും കാണാം. ആറു മാസത്തെ സ്വിഗി വൺ കോംപ്ലിമെൻററി മെമ്പർഷിപ്പ്, അന്താരാഷ്ട്ര റോമിങ്, വിമാനത്താവളങ്ങളിലെ വിഐപി ലോഞ്ച് സൗകര്യം, 12 മാസ നോർട്ടൺ മൊബൈൽ സെക്യൂരിറ്റി, മുൻഗണനാ ഉപഭോക്തൃ സേവനങ്ങൾ തുടങ്ങിയവയും പദ്ധതിയുടെ ഭാഗമായി ലഭിക്കും.

# വടവുകോട് ഹെൽത്ത് സെൻററിന് ആംബുലൻസ് കൈമാറി



**കൊച്ചി:** വടവുകോട് ഹെൽത്ത് സെൻററിന് മുത്തൂറ്റ് ഫിനാൻസ് ആംബുലൻസ് കൈമാറി. മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻറ് സയൻസിൽ നടത്തിയ ചടങ്ങിൽ പി വി ശ്രീനിജൻ എംഎൽഎ വടവുകോട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ് കെ കെ അശോകന് താക്കോൽ കൈമാറി. ഡെവലപ്മെൻറ് സെലക്ഷൻ കമ്മിറ്റി പ്രസിഡൻറ് ജൂബി ജോർജ്ജ്, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വികസന കമ്മിറ്റി പ്രസിഡൻറ് ടി ആർ വിശ്വപ്പൻ, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് അംഗം ബേബി വർഗീസ്, വടവുകോട് ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ എൽസി പൗലോസ്, ഉഷ വേണുഗോപാൽ, ശ്രീകല അജിത്ത്, വിഷ്ണു വിജയൻ, മുത്തൂറ്റ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ മാനേജർമാരായ ജോബിൻ ജോസഫ്, കെ എസ് സിമി തുടങ്ങിയവർ സന്നിഹിതരായി. വടവുകോട്, പുത്യർക, തിരവാണിയൂർ എന്നീ മൂന്നു പഞ്ചായത്തുകളിലുള്ളവർക്കാണ് വടവുകോട് ഹെൽത്ത് സെൻറർ സേവനം ലഭ്യമാക്കുന്നത്. ശരാശരി 250 പേരാണ് പ്രതിദിനം ഇവിടെയെത്തുന്നത്.

# രാഹുൽ ദ്രാവിഡ് എആർഎസ് ടിഎംടിയുടെ ബ്രാൻഡ് അംബാസഡർ



**കൊച്ചി:** രാജ്യത്തെ പ്രമുഖ സ്റ്റീൽ വ്യവസായ ഗ്രൂപ്പായ എആർഎസ് ടിഎംടിയുടെ ബ്രാൻഡ് അംബാസഡറായി മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം രാഹുൽ ദ്രാവിഡ്. ഉയർന്ന നിലവാരമുള്ള കറോഷൻ റെസിസ്റ്റന്റ് സ്റ്റീൽ (ഇങ്ങ) ബാറുകളുടെ റീട്ടെയിൽ സെഗ്മെന്റുകൾ രാജ്യവാപകമായി ഉയർത്തുന്നതിന്റെ ഭാഗമായാണ് പുതിയ ബ്രാൻഡ് അംബാസഡറെ നിയമിച്ചത്. വ്യാപാരരംഗത്ത് 46 വർഷത്തെ പാരമ്പര്യമുള്ള എആർഎസ് ടിഎംടിയാണ് ദക്ഷിണേന്ത്യയിൽ ആദ്യമായി 550ഉ സ്റ്റീൽ ബാറുകൾ അവതരിപ്പിച്ചത്. സ്വിറ്റ്സർലൻഡിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ജനറൽ ഡി സർവൈലൻസിന്റെ (ടഏട) ഗുണനിലവാര പരിശോധന പൂർത്തിയാക്കുന്ന എആർഎസ് ടിഎംടിയുടെ ഓരോ ബാച്ചുകളും മികച്ച ഈടും ഉറപ്പുമാണ് വാഗ്ദാനം ചെയ്യുന്നത്. ഉപഭോക്താക്കൾക്ക് സ്റ്റീൽ ബാറുകളുടെ മികച്ച വില്പനയും വില്പനാനന്തര സേവനങ്ങളും ഉറപ്പുവരുത്തി, വിപണിയെ മത്സരാധിഷ്ഠിതമാക്കാൻ എആർഎസ് ടിഎംടിക്ക് സാധിച്ചതായി എംഡി അശ്വനി കുമാർ ഭാട്ടിയ പറഞ്ഞു. 'നൽകുന്ന തുകക്ക് ഗുണമേന്മയുള്ള ടിഎംടി സ്റ്റീൽ ബാറുകൾ ലഭ്യമാകുക എന്നത് ഉപഭോക്താക്കളുടെ അവകാശമാണ്. തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, കേരളം എന്നീ സംസ്ഥാനങ്ങളിലെ ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനായി തുടങ്ങിയ 'സത്യം തിരിച്ചറിയുക' (നോ ദ ട്രൂത്ത്) ക്യാമ്പയിൻ വൻ വിജയമായിരുന്നു.' അദ്ദേഹം പറഞ്ഞു. ക്രിക്കറ്റിലെ വൻമതിൽ എന്നറിയപ്പെടുന്ന രാഹുൽ ദ്രാവിഡിന്റെ വരവോടെ എആർഎസ് ടിഎംടിയുടെ വിശ്വാസ്യതയ്ക്കും കരുത്തിനും പ്രചാരം ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ഓഹരി വിഭജനത്തിന് ഒരുങ്ങി ഫിലാടെക്സ് ഫാഷൻ

**കൊച്ചി.** ഹൈദരാബാദ് ആസ്ഥാനമായ പ്രമുഖ ടെക്സ്റ്റൈൽ ഉൽപ്പാദകരായ ഫിലാടെക്സ് ഫാഷൻസ് ലിമിറ്റഡ് ഓഹരി വിഭജനത്തിനൊരുങ്ങുന്നു. ഓഹരി പങ്കാളിത്തം വർധിപ്പിക്കുന്നതിനും മൂലധന വിപണി മെച്ചപ്പെടുത്തുന്നതിനുമായി ഓഹരി വിഭജനം നടത്താൻ കമ്പനി ബോർഡ് ഓഫ് ഡയറക്ടേഴ്സ് അനുമതി നൽകി. 5:1 എന്ന അനുപാതത്തിലായിരിക്കും വിഭജനം. 5 രൂപ മുഖവിലയുള്ള ഒരു ഇക്വിറ്റി ഓഹരി, ഒരു രൂപ മുഖവിലയുള്ള അഞ്ച് ഇക്വിറ്റി ഓഹരികളായി വിഭജിക്കപ്പെടും. ഈ മാസം 15ന് ചേരുന്ന കമ്പനി ഓഹരി ഉടമകളുടെ അസാധാരണ പൊതു യോഗത്തിന്റെ അംഗീകാരം ലഭിച്ച ശേഷമായിരിക്കും ഓഹരി വിഭജനം നടപ്പിലാക്കുന്ന തീയതി പ്രഖ്യാപിക്കുക. ടെക്സ്റ്റൈൽ ഗാർമെന്റ്സ് കയറ്റുമതിക്കു മാത്രമായി ദൽഹി ആസ്ഥാനമായി ഒരു ഉപകമ്പനി സ്ഥാപിക്കാനും തീരുമാനമായിട്ടു. ബിസിനസ് വിപുലീകരണത്തിന്റെ ഭാഗമായി മുബൈയിൽ കോർപറേറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനും കമ്പനി ബോർഡ് അംഗീകാരം നൽകി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വിസ്മയമൊരുക്കി ജെഡി ഫാഷൻ അവാർഡ് നിശ

**കൊച്ചി:** ജെഡി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി സംഘടിപ്പിച്ച ജെഡി ഡിസൈൻ അവാർഡ്സ് ഹോട്ടൽ ഹോളിഡേ ഇന്നിൽ നടന്നു. ഇന്റീരിയർ ഡിസൈൻ വിസ്മയങ്ങളും വസ്ത്ര വൈവിധ്യങ്ങളും മാറ്റുരച്ച അവാർഡ് നിശ 'ഫ്യൂച്ചർ ഫിക്ഷൻ' എന്ന പ്രമേയത്തിലാണ് നടന്നത്. ഇൻസ്റ്റിറ്റ്യൂട്ടിലെ ഇരുപത്തി രണ്ട് യുവ ഡിസൈനർമാർ ഒരുക്കിയ സൃഷ്ടികൾ പ്രദർശിപ്പിച്ചുകൊണ്ട് മോഡലുകൾ റാംപിൽ ചുവടു വെച്ചു.'സകുറ: പ്രതീക്ഷയുടെ പുഷ്പം' എന്ന അതിമനോഹര വസ്ത്ര ശേഖരം മുതൽ കാൽപനികതയുടെ ആവിഷ്കാരമായ 'ആസ്ട്രൽ ഓറ' വരെ ഡിസൈനർമാർ അതുല്യമാ സർഗ്ഗാത്മക യാത്രകൾ നടത്തി.ഇന്റീരിയർ ഡിസൈൻ വിഭാഗത്തിൽ കിരൺ മരിയാട്ട് സജിയുടെ ഇമ്മേഴ്സീവ് മ്യൂസിക് എക്സ്പീരിയൻസ് സെന്ററായ 'സ്വര' മികച്ച ആശയത്തിനുള്ള പുരസ്കാരം നേടി,നിരഞ്ജ് കെജെ യുടെ ഡൈനാമിക് ഇൻഡോർ റോളർ സ്കേറ്റ് ക്ലബ്ബായ 'സ്കേറ്റ് ' ന് പ്രത്യേക ജൂറി അവാർഡ് ലഭിച്ചു. കാഴ്ച വൈകല്യമുള്ളവരുടെ പരിശീലന കേന്ദ്രമായ 'സെഹജ്' രൂപകൽപ്പന ചെയ്ത അശ്വനികൃഷ്ണ ആർ. മികച്ച പ്രസന്റേഷൻ അവാർഡിന് അർഹയായി, കൂടാതെ ഐറിൻ ജോസ് ഡിസൈൻ ചെയ്ത ഡൈനിംഗ് ഏരിയ 'കിംചി & കോയി' മികച്ച ഡിസൈൻ അവാർഡ് നേടി.ഫാഷൻ വിഭാഗത്തിൽ, റേച്ചൽ എറിക്ക കൊറേയ തന്റെ 'എംബ്രേസ്' എന്ന ശേഖരത്തിലൂടെ മികച്ച ഡിസൈനർ അവാർഡ് കരസ്ഥമാക്കി. അർച്ചന കമ്മത്തിന്റെ 'കവാച്ച് അതിത' യോദ്ധാക്കളുടെ വീര്യം പ്രസരിക്കുന്ന സെമിഫോർമൽ വസ്ത്രങ്ങളുമായി മികച്ച ആശയത്തിനുള്ള അവാർഡ് നേടി. സ്വാതി സത്യന്റെ 'ഓർക്കിഡ് ബ്ലൂംസ്' ന് ജൂറി ചോയ്സ് അവാർഡ് ലഭിച്ചു. പ്രശാന്ത് എസ്എസിന്റെ 'ബ്ലാക്ക് ഡെത്ത്' ഫാഷനിലൂടെ ചരിത്രം പുനഃസൃഷ്ടിച്ച് മികച്ച അവന്റ് ഗാർഡ് കളക്ഷൻ അവാർഡ്




നേടി. നയോമി എലിസബത്ത് ജോൺ സൈനികപ്രചോദിത ശേഖരമായ 'വാലർ വാൻഗാർഡ്' മികച്ച പ്രെറ്റ്എപോർട്ടർ (റെഡി ടു വെയർ )കളക്ഷൻ അവാർഡ് നേടി. നേഹ കെ ബിജുവിന്റെ 'സിനസെൻസ്' ഏറ്റവും നൂതനമായ കളക്ഷനുള്ള അവാർഡ് നേടി. പ്രകൃതി സൗഹാർദത്തെ പ്രകീർത്തിക്കുന്ന അപർണ ശശിയുടെ 'നിയോ നാച്ചുറ' മെന്റേഴ്സ് ചോയ്സ് അവാർഡ് കരസ്ഥമാക്കി. മികച്ച ഡിസൈൻ കളക്ഷൻ അവാർഡ് നേടിയ ' സെലഷ്യൽ ലാമന്റ് ' മായി കൺമണി പി എസ് ഹൃദയം കവർന്നു.ട്രെൻഡ് പ്രവചനം, മെറ്റീരിയൽ തിരഞ്ഞെടുക്കൽ, പാറ്റേൺ സൃഷ്ടിക്കൽ എന്നിവയിൽ എ.ഐ യുടെ ഏകീകരണത്തിന് ഊന്നൽ നൽകുന്ന ആധുനിക പഠന സംവിധാനമാണ് ജെ.ഡി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി ഒരുക്കുന്നതെന്ന് മാനേജിംഗ് ട്രസ്റ്റി ശ്രീ നീലേഷ് ദലാൽ, കൊച്ചിയിലെ ഡയറക്ടർ (സൗത്ത്) ശ്രീമതി സാന്ദ്ര ആഗ്നസ് ഡിസൂസ എന്നിവർ പറഞ്ഞു.

## ഡിസാസ്റ്റർ മാനേജ്മെന്റ് കോഴ്സ്

**തിരുവനന്തപുരം:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിൽ (ഐ.എൽ.ഡി.എം) 2024-26 അധ്യായന വർഷത്തേക്കുള്ള എം.ബി.എ കോഴ്സിനായുള്ള ഓൺലൈൻ അപേക്ഷ 17 വരെ സ്വീകരിക്കും. താൽപര്യമുള്ള വിദ്യാർഥികൾക്ക് ശഹറാ.സല്യമഹമ.ഴീ.ശി വഴി അപേക്ഷകൾ സമർപ്പിക്കാം. കേരള യൂണിവേഴ്സിറ്റി അഫിലിയേഷനോടുകൂടി നടത്തുന്ന കോഴ്സ് ഇന്ത്യയിലെ തന്നെ ആദ്യത്തെ എ.ഐ.സി.ടി.ഇ അംഗീകൃത എം.ബി.എ ഡിസാസ്റ്റർ മാനേജ്മെന്റ് കോഴ്സാണ്. കൂടുതൽ വിവരങ്ങൾക്ക്: 8547610005 (ശഹറാ.ൃല്ലിൗല@ഴാമശഹ.രീാ) .

## വാക് ഇൻ ഇന്റർവ്യൂ

**തിരുവനന്തപുരം:** കോഴിക്കോട് സിറ്റി ഡി.എച്ച്.ക്യുവിൽ നിലവിൽ ഒഴിവുള്ള ക്യാമ്പ് ഫോളോവർ (കുക്ക്, സ്വീപ്പർ, ധോബി) തസ്തികകളിൽ ദിവസവേതന ാടിസ്ഥാനത്തിൽ താത്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് വാക്ഇൻ ഇന്റർവ്യൂ നടത്തും. താത്പര്യമുള്ളവർ അപേക്ഷ, ബയോഡാറ്റ, ആധാർ കാർഡ്, ആധാർ കാർഡിന്റെ പകർപ്പ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം 15ന് രാവിലെ 10.30ന് മാലൂർക്കുന്നിലെ കോഴിക്കോട് സിറ്റി ഡി.എച്ച്.ക്യുവിൽ അഭിമുഖത്തിന് എത്തണം.

# സിഎംഎഫ് ഫോൺ 1, ബഡ്സ് പ്രോ 2, വാച്ച് പ്രോ 2 എന്നിവ പുറത്തിറക്കി നത്തിംഗ്



**കൊച്ചി:** നത്തിംഗിൻറെ ഉപബ്രാൻഡായ സിഎംഎഫ്, ഫോൺ 1, വാച്ച് പ്രോ 2, ബഡ്സ് പ്രോ 2 എന്നീ മൂന്ന് പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കി. ഇന്ത്യയിലെ പ്രഥമ മീഡിയടെക് ഡിമെൻസിറ്റി 7300 5ജി പ്രൊസസർ ഉപയോഗിച്ച് സിഎംഎഫ് ഫോൺ 1ൽ 5000 എംഎഎച്ച് ബാറ്ററി, സോണി 50 എംപി റിയർ ക്യാമറ, 120 ഹെർട്സ് അഡാപ്റ്റീവ് റിഫ്രെഷ് നിരക്കുള്ള 6.67' സൂപ്പർ അമോലെഡ് ഡിസ്പ്ലേ എന്നീ പ്രത്യേകതകളു്. ഇൻറർചേഞ്ച് ചെയ്യാവുന്ന ബെസെൽ ഡിസൈൻ, 1.32' അമോലെഡ് ഡിസ്പ്ലേ, 120ലധികം സ്പോർട്സ് മോഡുകൾ, റിമോട്ട് ക്യാമറ കൺട്രോൾ, ഐപി68 വാട്ടർ ആൻറ് ഡസ്റ്റ് റസിസ്റ്റൻസ്, 11 ദിവസം വരെ ബാറ്ററി ലൈഫ് എന്നിവ വരുന്നതാണ് സിഎംഎഫ് വാച്ച് പ്രോ 2. സിഎംഎഫ് ബഡ്സ് പ്രോ 2 ഡിസൈൻ ചെയ്തിരിക്കുന്നത് ഹൈറെസ് ഓഡിയോ വയർലെസ് സർട്ടിഫിക്കേഷൻ, 50 ഡിബി സ്!മാർട്ട് എഎൻസി, സ്മാർട്ട് ഡയൽ, ത്രിമാന ഓഡിയോ ഇഫക്റ്റ്, 43 മണിക്കൂർ ബാറ്ററി ലൈഫും 7 മണിക്കൂർ പ്ലേബാക്കിനായി 10 മിനിറ്റ് ക്വിക്ക് ചാർജ്ജ് എന്ന പ്രത്യേകതകളോടെയാണ്.സിഎംഎഫ് ഫോൺ 1ൻറെ 6ജിബി + 128ജിബി വേരിയൻറിന് 15,999 രൂപയും 8ജിബി + 128ജിബി വേരിയൻറിന് 17,999 രൂപയുമാണ് വില. ആദ്യദിന ഓഫർ സെയിലിൽ പ്രത്യേക ബാങ്ക് ഓഫറുകളും ലഭിക്കും. വാച്ച് പ്രോ 2 ഡാർക്ക് ഗ്രേ, ആഷ് ഗ്രേ ഓപ്ഷനുകൾക്ക് 4,999 രൂപയും, വെഗൻ ലെതർ നീല, ഓറഞ്ച് എന്നിവയ്ക്ക് 5,499 രൂപയുമാണ് വില. ബഡ്സ് പ്രോ 2ന് 4,299 രൂപയാണ് വില. ഫ്ലിപ്!കാർട്ടിൽ ഫോൺ 1 വാങ്ങുമ്പോൾ വാച്ച് പ്രോ 2, ബഡ്സ് പ്രോ 2 എന്നിവയിൽ 1000 രൂപ ഇളവ് ലഭിക്കും. ജൂലായ് 12 ന് ഉച്ചയ്ക്ക് 12 മണിക്ക് ആരംഭിക്കുന്ന ഓപ്പൺ സെയിലിൽ സിഎംഎഫ്.ടെക്ൽ നിന്നും റീട്ടെയിൽ പാർട്ട്!ണർമാരിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങാം.



സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് സുറിയാനി പള്ളി
കോലഞ്ചേരി

പരി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ

അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ

ജൂലൈ 11,12 (വ്യാഴം, വെള്ളി) തീയതികളിൽ



കാര്യപരിപാടി

**ജൂലൈ 11 വ്യാഴം**

6.30 am : പ്രഭാതപ്രാർത്ഥന
7.00 am : **വി. കുർബ്ബാന**
**കോട്ടയം എം. ഡി. സെമിനാരി സ്ഥാപകൻ മലങ്കര സഭാതേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 114–ാം ഓർമ്മ**
4.00 pm : മേമ്പൂട്ടിൽ നിന്നും കുരിശുകൾ പള്ളിക്കുള്ളിലേക്ക് പ്രദക്ഷിണമായി കൊണ്ടുപോകുന്നു.
6.00 pm : **സന്ധ്യാനമസ്കാരം**
**അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ** (സുന്നഹദോസ് സെക്രട്ടറി, നിരണം ഭദ്രാസനം)
7.15 pm : **പ്രസംഗം, പ്രദക്ഷിണം**
9.00 pm : **ശ്ലൈഹികവാഴ്വ്**

**ജൂലൈ 12 വെള്ളി**

6.00 am : പ്രഭാതപ്രാർത്ഥന
6.30 am : **വി. കുർബ്ബാന**
9.00 am : പ്രഭാതപ്രാർത്ഥന
9.30 am : വി. കുർബ്ബാന
**അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ**
: കബറിങ്കൽ ധൂപ പ്രാർത്ഥന
: **പ്രസംഗം**
പരീക്ഷകളിൽ മികച്ച വിജയം നേടിയവർക്കുള്ള അവാർഡ് വിതരണം
12 noon : **പ്രദക്ഷിണം**
1.30 pm : **ശ്ലൈഹികവാഴ്വ്**
2.00 pm : ലേലം
3.00 pm : കൊടിയിറക്ക്
6.00 pm : സന്ധ്യാപ്രാർത്ഥന



സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ജേക്കബൈറ്റ് സിറിയൻ ക്രിസ്ത്യൻ അസ്സോസിയേഷൻ (ER 407/1999)

മോർ പത്രോസ് മോർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ

2024 ജൂലൈ 11,12 (വ്യാഴം, വെള്ളി) മിഥുനം 29

കോലഞ്ചേരി യാക്കോബായ സുറിയാനി പള്ളിയിൽ

ശ്രേഷ്ഠ കാതോലിക്ക നി.വ.ദി.മ.ശ്രീ.ഡോ. ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവയുടെയും മലബാർ ഭദ്രാസന മെത്രാപ്പോലീത്ത നി.വി.ദി.ശ്രീ. ഗീവർഗീസ് മോർ സ്തേഫാനോസ് തിരുമേനിയുടേയും മഹനീയ കാർമ്മികത്വത്തിൽ



കാര്യപരിപാടി

**2024 ജൂലൈ 11 വ്യാഴം**

6.30 am : **വി. കുർബ്ബാന**
3.00 pm : **ഒമ്പതാം മണി നമസ്ക്കാരം**
പള്ളി സാധനങ്ങൾ മേമ്പൂട്ടിൽ നിന്നും ആഘോഷമായി കൊണ്ടുപോകുന്നു.
7.00 pm : **സന്ധ്യാപ്രാർത്ഥന**
**ശ്രേഷ്ഠ കാതോലിക്ക ബാവായുടെയും, അഭി. ഗീവർഗീസ് മോർ സ്തേഫാനോസ് തിരുമേനിയുടെയും പ്രധാന കാർമ്മികത്വത്തിൽ**
8.00 pm : **പ്രസംഗം**
8.45 pm : **പ്രദക്ഷിണം**
9.45 pm : ആശീർവ്വാദം

**2024 ജൂലൈ 12 വെള്ളി**

6.00 am : പ്രാർത്ഥന
6.30 am : **വി. കുർബ്ബാന**
8.00 am : പ്രാർത്ഥന
8.30 am : **വി. മൂന്നിന്മേൽ കുർബ്ബാന**
**അഭി. ഗീവർഗീസ് മോർ സ്തേഫാനോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ**
10.00 am : **പ്രസംഗം**
10.30 am : SSLC, PLUS TWO **അവാർഡ് വിതരണവും വൃക്ഷതൈ വിതരണവും**
11.00 am : **പ്രദക്ഷിണം**
12.00 pm : ആശീർവ്വാദം
12.30 pm : ലേലം
6.00 pm : സന്ധ്യാപ്രാർത്ഥന



പെരുന്നാൾ ആശംസകളോടെ

ചുറ്റി കറങ്ങേണ്ട ലക്ഷ്യത്തിലെത്താൻ...
BEST TOUR PACKAGES, PASSPORT & VISA
Also for service facilities like
Train / Bus / Flight Tickets & Accommodation

LAKSHYA™ TREKKS & TRIPS

Padavettil Complex,
Medical College Road
KOLENCHERY
8891 580 680, 7356 580 680